## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1217 — 13.12.2012 ൽ മറുപടിയ്ക്ക്

### പട്ടയവിതരണത്തിലെ കാലതാമസം

**ചോദ്യം**
ശ്രീ.വി.ചെന്താമരാക്ഷൻ

**ഉത്തരം**
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടയവിതരണത്തിലെ കാലതാമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | എസ്.എം.റിപ്പോർട്ട് സമർപ്പിച്ച് വിചാരണയ്ക്ക് ഹാജരാകുന്ന കക്ഷികളോട് കൂടിയായ്മ രേഖകൾ പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശം നൽകുകയും ലാന്റ് ട്രിബ്യൂണൽ തഹസിൽദാർമാർ ദിവസേന വിചാരണ നടത്തുകയും ചെയ്തു വരുന്നുണ്ട്. മിച്ചഭൂമി കേസുകളിൽ ഭൂമി ഏറ്റെടുത്ത് പതിച്ചു നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ചിറ്റൂർ താലൂക്കിൽ പട്ടയത്തിനുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | ബി) | ചിറ്റൂർ താലൂക്കിൽ ലാന്റ് ട്രിബ്യൂണൽ പട്ടയങ്ങൾക്ക് 868 അപേക്ഷകളും ദേവസ്വഭൂമി പട്ടയങ്ങൾക്ക് 1164 അപേക്ഷകളും മിച്ചഭൂമി പതിച്ചു കിട്ടുന്നതിനായി 1077 അപേക്ഷകളും നിലവിലുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു |
| സി) | ഈ അപേക്ഷകൾ എന്ന് തീർപ്പാക്കാൻ കഴിയും; ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | സി) | ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾക്ക് വിചാരണ വേളയിൽ കൂടിയായ്മ നിരാക്ഷേപ കൈവശം എന്നിവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് കേരള ഭൂ പരിഷ്കരണ നിയമം അനുശാസിക്കുന്ന പ്രകാരം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മിച്ചഭൂമി പട്ടയങ്ങൾക്ക് തഹസിൽദാർ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## ചിറ്റൂർ താലൂക്ക്

| ക്രമ നം. | വില്ലേജിന്റെ പേര് | തീർപ്പാക്കാൻ ബാക്കിയുള്ള എണ്ണം |
|---|---|---|
| 1 | വടകരപ്പതി | 14 |
| 2 | ഒഴലപ്പതി | 12 |
| 3 | എരുത്തേമ്പതി | 1 |
| 4 | കോഴിപ്പതി | 28 |
| 5 | വലിയവള്ളംപതി | 27 |
| 6 | കൊഴിഞ്ഞാമ്പാറ | 37 |
| 7 | നല്ലേപ്പിള്ളി | 22 |
| 8 | തത്തമംഗലം | 36 |
| 9 | മൂലത്തറ | 9 |
| 10 | ചിറ്റൂർ | 25 |
| 11 | പെരുമാട്ടി | 13 |
| 12 | തെക്കേദേശം | 30 |
| 13 | പട്ടഞ്ചേരി | 18 |
| 14 | വണ്ടിത്താവളം | 27 |
| 15 | കൊടുവായൂർ-1 | 52 |
| 16 | കൊടുവായൂർ-2 | 17 |
| 17 | മുതലമട-1 | 30 |
| 18 | മുതലമട-2 | 40 |
| 19 | പല്ലശ്ശന | 33 |
| 20 | കൊല്ലങ്കോട്-1 | 77 |
| 21 | വടവന്നൂർ | 18 |
| 22 | കൊല്ലങ്കോട്-2 | 17 |
| 23 | എലവഞ്ചേരി | 65 |
| 24 | പുതുനഗരം | 25 |
| 25 | നെന്മാറ | 37 |
| 26 | വല്ലങ്ങി | 30 |
| 27 | കയറാടി | 29 |
| 28 | നെല്ലിയാമ്പതി | [illegible] |
| 29 | തിരുവഴിയാട് | 32 |
| 30 | അയിലൂർ | 16 |
| | ആകെ | 868 |
| | | |